## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*100** **12.03.2015 - ൽ മറുപടിക്ക്**

**ദേശീയപാത വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, ജോസഫ് വാഴയ്ക്കൻ<br>,, പി.സി.വിഷ്ണുനാഥ് | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) ദേശീയപാത വികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) ദേശീയപാത 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ വികസിപ്പിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് എതിരെ ചില കേന്ദ്രങ്ങളിൽ നിന്നും ഉണ്ടായ എതിർപ്പ് കാരണം സ്ഥലമെടുപ്പ് പ്രക്രിയ പരാജയപ്പെട്ട സാഹചര്യത്തിൽ ദേശീയപാത വികസനത്തിന് റൈറ്റ് ഓഫ് വേ 30 മീറ്ററായി ഇളവ് ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ അപകട രഹിതവും സുഗമവുമായ യാത്രാ സൗകര്യം ലഭ്യമാക്കേണ്ടതിനാൽ റോഡ് വികസനത്തിൽ 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ ഇളവ് അനുവദിക്കുവാൻ സാധ്യമല്ല എന്ന് കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി. സ്ഥലമെടുപ്പ് അനിശ്ചിതമായി നീണ്ടു പോകുന്ന സാഹചര്യത്തിൽ ദേശീയപാത 17- ലെ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ദേശീയപാത 47-ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുമുള്ള |

ഭാഗത്തെ ദേശീയപാത വികസന ത്തിൽ നിന്നും ദേശീയപാതാ വികസന അതോറിറ്റി പിൻവാങ്ങുക യുണ്ടായി.

കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ മന്ത്രി 04.07.2014 ൽ ബഹു.മുഖ്യമന്ത്രിയ്ക്കയച്ച കത്തിൽ വർദ്ധിച്ച വരുന്ന വാഹന സാന്ദ്രത പരിഗണിച്ച് ദേശീയപാത വിക സനം ത്വരിതപ്പെടുത്തണമെന്ന ള്ളതിന് സംസ്ഥാന സർക്കാരിന്റെ സഹകരണം ആവശ്യപ്പെടുകയും ദേശീയപാത വികസനത്തിനു ആവശ്യമായ 80% ഭൂമി ഏറ്റെടുത്തു നൽകിയാൽ ദേശീയപാത അതോ റിറ്റിയുടെ പിൻവാങ്ങൽ തീരുമാനം പുനപരിശോധിക്കാവുന്നതാണെന്നും അറിയിക്കുകയുണ്ടായി. ഇതിനെ ത്തുടർന്ന് 23.10.2014 ലെ മന്ത്രി സഭയുടെ തീരുമാന പ്രകാരം 25.10.2014 ലെ സ.ഉ(കൈ).നം. 94/2014/ പൊമവ ഉത്തരവു പ്രകാരം ദേശീയപാത 45 മീറ്റർ വീതിയിൽ തന്നെ വികസിപ്പിക്കുന്ന തിനും ഇതിനാവശ്യമായ ഭൂമിയുടെ 80% ഏറ്റെടുത്ത് ദേശീയപാതാ അതോറിറ്റിയ്ക്ക് കൈമാറുന്നതിനും, ദേശീയപാത വികസനത്തിൽ നിന്നും പിൻമാറിക്കൊണ്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 05.03.2014, 14.08.2014 എന്നീ തീയതികളിലെ, വിജ്ഞാപനങ്ങൾ റദ്ദ് ചെയ്യുന്ന തിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനും തീരുമാനി ക്കുകയുണ്ടായി. പ്രസ്തുത വിവരം

30.10.2014 ലെ കത്തു പ്രകാരം ബഹു.മുഖ്യമന്ത്രി ബഹു.കേന്ദ്ര ഉപരി തല ഗതാഗത വകുപ്പ് മന്ത്രിയെ അറിയിച്ചിട്ടുണ്ട്. തുടർന്ന് ബഹു. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയുടെ 08.01.2015-ലെ കേരള സന്ദർശന വേളയിൽ ദേശീയ പാതാ വികസനം സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുകയും കേരളത്തിലെ ദേശീയ പാതാ വികസനത്തിന് എല്ലാവിധ പിന്തുണ യും വാഗ്ദാനം ചെയ്യുകയുമുണ്ടായി. പ്രസ്തുത ചർച്ചയുടെ അടിസ്ഥാന ത്തിൽ NH 17 ഉം 47 ഉം 45 മീറ്റർ വീതിയിൽ ദേശീയപാത വികസന അതോറിറ്റിയെക്കൊണ്ട് അടിയന്തി രമായി വികസിപ്പിക്കണമെന്നും ഏറ്റെടുക്കുന്ന ഭൂമിയ്ക്ക് ന്യായമായ നഷ്ടപരിഹാരം ഉറപ്പാക്കണമെന്നും നിശ്ചയിക്കപ്പെട്ടിട്ടുള്ള അലൈൻ മെന്റ് മുഴുവനായും മാറ്റാനാവാത്ത സാഹചര്യത്തിൽ ആരാധാനാല യങ്ങളും മറ്റും ഒഴിവാക്കിക്കൊണ്ട് അലൈൻമെന്റ് മാറ്റി നിശ്ചയിക്ക ണമെന്നും ആവശ്യപ്പെട്ടു കൊണ്ട് 29.01.2015 ന് ബഹു.മുഖ്യമന്ത്രി ബഹു.കേന്ദ്ര മന്ത്രിയ്ക്ക് കത്തയ യ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മറ്റ് ദേശീയ പാതകളുടെ വികസനത്തി നായുള്ള കേന്ദ്ര വിഹിതം വർദ്ധിപ്പിക്കണമെന്നും ടി കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

ദേശീയപാത വികസനത്തിന്റെ ഭാഗമായി കൊല്ലം, ആലപ്പുഴ എന്നീ ബൈപ്പാസുകൾ 50% കേന്ദ്ര

| | | | |
|---|---|---|---|
| | | | സഹായത്തോടെ വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കോഴിക്കോട് ബൈപ്പാസ് സംസ്ഥാന സർക്കാരിന്റെ പൂർണ്ണ ചെലവിൽ വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചു വരുന്നു. കേന്ദ്ര സർക്കാർ നേരിട്ട് വികസിപ്പിക്കുന്ന കഴക്കൂട്ടം മുതൽ കാരോട് (തമിഴ്നാട് അതിർത്തി) വരെയുള്ള തിരുവനന്തപുരം ബൈപ്പാസിൽ കഴക്കൂട്ടം മുതൽ മുക്കോലവരെയുള്ള ഭാഗത്ത് സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. മുക്കോല മുതൽ കാരോട് വരെയുള്ള ഭാഗത്തെ സ്ഥലമേറ്റെടുപ്പ് അവസാന ഘട്ടത്തിലാണ്. സംസ്ഥാന സർക്കാരിന്റെ നിരന്തരമായ സമ്മർദ്ദം മൂലം ദേശീയ പാതകളുടെ സാധാരണ അറ്റകുറ്റ പണികൾക്കുള്ള (OR) കേന്ദ്ര വിഹിതം 4.41 കോടിയിൽ നിന്നും 12.50 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. |
| (ബി) | ദേശീയപാതയുടെ വീതി എത്രയായിരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; | (ബി) | ദേശീയപാതകൾ 45 മീറ്റർ വീതിയിൽ വികസിപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (സി) | ദേശീയപാത വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നതിനായി പ്രത്യേക പാക്കേജ് തയ്യാറാക്കുമോ; | (സി) & (ഡി) | 1956-ലെ എൻ.എച്ച് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം CALA (കോംപീറ്റന്റ് അതോറിറ്റി ഫോർ ലാന്റ് അക്വിസിഷൻ) ആണ് നഷ്ടപരിഹാരം നിർണ്ണയിക്കുന്നത്. ആയതിനാൽ ഇതിനായി പ്രത്യേക പാക്കേജ് സംസ്ഥാന സർക്കാർ തയ്യാറാക്കിയിട്ടില്ല. എന്നിരുന്നാലും |
| (ഡി) | ഏറ്റെടുക്കുന്ന ഭൂമിക്ക് അതത് പ്രദേശത്തുള്ള ഭൂമിയുടെ വിലയ്ക്ക് ആനുപാതികമായി നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം കാര്യ | | |

ങ്ങളാണ് പാക്കേജിൽ ഉൾപ്പെടു ത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

25.10.2014 ലെ സ.ഉ (കൈ). നം.94/2014/പൊമവ പ്രകാരം നഷ്ട പരിഹാരം നിശ്ചയിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ റീഹാ ബിലിറ്റേഷൻ ആന്റ് റീ സെറ്റിൽ മെന്റ് പാക്കേജിലെ (15.11.2011 ലെ സ.ഉ (കൈ)നം.419/11/റവ.) വ്യവ സ്ഥകൾ കൂടി പരിഗണിച്ച് പദ്ധതി ബാധിതർക്ക് മെച്ചപ്പെട്ട നഷ്ട പരിഹാരം ഉറപ്പ് വരുത്തുന്ന രീതിയിൽ വില നിശ്ചയിക്കണ മെന്ന് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവി ലുള്ള നിയമമനുസരിച്ച് ദേശീയ പാതകളുടെ വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിയുടെ നഷ്ട പരിഹാരം പൂർണ്ണമായും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്.

സെക്ഷൻ ഓഫീസർ